# കേരള സർവകലാശാല

നം. പി.ആർ.151/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### എം.ബി.ബി.എസ് പരീക്ഷ ഫലം

കേരള സർവകലാശാല മാർച്ചിൽ നടത്തിയ മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് രണ്ട് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 30.

### ബി.എ.എസ്.എൽ.പി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.എ.എസ്.എൽ.പി ഡിഗ്രി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണയത്തിനും അപേക്ഷിക്കേണ്ട അവസാന തീയതി ജൂലൈ 26.

### വാചാ പരീക്ഷ

കേരള സർവകലാശാല മെയ് മാസം നടത്തിയ പോസ്റ്റ് ഗ്രാഡ്വേറ്റ് ഡിപ്ലോമ ഇൻ ഇംഗ്ലീഷ് ഫോർ കമ്യൂണിക്കേഷൻ (പി.ജി.ഡി.ഇ.സി) പരീക്ഷയോടനുബന്ധിച്ചുള്ള വാചാ പരീക്ഷ ജൂലൈ 12-ന് പത്ത് മണി മുതൽ പാളയം സെനറ്റ് ഹൗസ് കാമ്പസ്സിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വച്ച് നടത്തുന്നതാണ്.

### എം.എ ഫിലോസഫി ഫലം

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തിയ 2015-17 അദ്ധ്യയന വർഷത്തിലെ എം.എ ഫിലോസഫി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. അശ്വതി എ (PHI150501/2017) ഒന്നാം റാങ്ക് നേടി.

### എം.കോം ഫലം

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തിയ 2015-17 അദ്ധ്യയന വർഷത്തിലെ എം.കോം പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിഷ്ണു എൻ എസ് (150525/2017) ഒന്നാം റാങ്ക് നേടി.

### ബി.എസ്സി സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ജൂലൈയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എസ്സി ഡിഗ്രി പരീക്ഷയുടെ ഉത്തരക്കടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഹാൾടിക്കറ്റുമായി ഇ.ജെ.II സെക്ഷനിൽ ജൂലൈ 12 മുതൽ 22 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ നേരിട്ട് ഹാജരാകണം.

## ബി.സി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ (കരിയർ റിലേറ്റഡ്) സി.ബി.സി.എസ്.എസ് ബി.സി.എ (റഗുലർ - 2014 സ്കീം, സപ്ലിമെന്ററി 2013 സ്കീം )പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ് പത്താം തീയതി കൂടി പ്രവേശനം നേടാം

കേരള സർവകലാശാലയുടെ 2017-18 അദ്ധ്യയന വർഷത്തിലെ ഒന്നാം വർഷ ബിരുദ പ്രവേശനത്തിനുള്ള ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് ജൂലൈ 10-ന് കൂടി കോളേജുകളിൽ എത്തി പ്രവേശനം നേടാവുന്നതാണ്. ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ പ്രവേശനം കിട്ടിയവർ ഇപ്പോൾ പഠിക്കുന്ന കോളേജിൽ നിന്നും ടി.സി വാങ്ങി പുതിയ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ജൂലൈ 10-നകം പ്രവേശനം നേടണം. ഇപ്പോൾ ലഭിച്ചിരിക്കുന്ന അലോട്ട്മെന്റിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷനുകൾ നിർബന്ധമായും ക്യാൻസൽ ചെയ്യണം. അല്ലാത്ത പക്ഷം അടുത്ത അലോട്ട്മെന്റിൽ ഹയർ ഓപ്ഷനിൽ ലഭിക്കുന്ന കോളേജിൽ പ്രവേശനം സ്വീകരിക്കേണ്ടതായി വരും.

## മേഴ്സി ചാൻസ് അനുവദിച്ചു

കേരള സർവകലാശാലയുടെ വിവിധ സ്കീമുകളിലെ എം.എ/എം.എസ്സി (സെമസ്റ്റർ) കോഴ്സുകൾക്ക് മേഴ്സി ചാൻസ് അനുവദിച്ച് ഉത്തരവായിരിക്കുന്നു വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in/news) ലഭിക്കും.

തിരുവനന്തപുരം.
07.07.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098